SUKUMARAN

മലയാളം പാട്ടുപുസ്തകം



ഗണേഷ് പിക്ചേഴ്സ്

# പച്ചനോട്ടുകൾ

കഥ
മുട്ടത്തുവർക്കി

നിർമ്മാണം
സംഭാഷണം
കൊട്ടാരക്കര

സംവിധാനം
A.B.രാജ്

വിമലാ റിലീസ്

146

# ഗണേഷ് പിക്ച്ചേഴ്സ്

അവതരിപ്പിക്കുന്ന

# പച്ചനോട്ടുകൾ

## അഭിനേതാക്കൾ

| | |
|---|---|
| പ്രേംനസീർ | പൗലോസ് |
| കൊട്ടാരക്കര ശ്രീധരൻനായർ | റപ്പേൽ |
| അടൂർഭാസി | തൊമ്മി ആശാൻ |
| ഗോവിന്ദൻകുട്ടി | അന്തപ്പൻ |
| ജോസ്പ്രകാശ് | മാത്യൂസ്മുതലാളി |
| കടുവാക്കുളം ആൻറണി | പുളുവൻതോമാ |
| പോൾ വെങ്ങോല | ലോനാപ്പി |
| വിജയശ്രീ | ലീനാമ്മ |
| റാണിചന്ദ്ര | റോസി |
| പ്രേമ | ലൗലമ്മ |
| കദീജ | മറിയാമ്മ |
| സി. ആർ. ലക്ഷ്മി | ശോശാമ്മ |
| രാധാമണി | മോനിമ്മ |
| ലീല | ലളിത |
| ഗാനങ്ങൾ | ശ്രീകുമാരൻതമ്പി |
| സംഗീതം | അർജ്ജുനൻ |
| പിന്നണിഗായകർ | യേശുദാസ്, ബ്രഹ്മാനന്ദൻ |
| | പി. ലീല, എസ്. ജാനകി, വസന്ത |
| കഥ | മുട്ടത്തുവർക്കി |
| **സംവിധാനം** | **എ. ബി. രാജ്** |

തിരക്കഥ, സംഭാഷണം നിർമ്മാണം

## കെ. പി. കൊട്ടാരക്കര

# പച്ചനോട്ടുകളിൽ ജീവിക്കുന്നവർ

റപ്പേൽ — ഒരുകർഷകത്തൊഴിലാളി. 50 വർഷത്തെ നിരന്തരസമരംകൊണ്ടുണ്ടാക്കിയ 30 സെൻറ് സ്വത്തിൽ പാതി മകളുടെ കല്യാണത്തിനുവേണ്ടി വിററ് കിട്ടിയ 3000 പച്ചനോട്ടുകളുമായി വീട്ടിലേക്കു മടങ്ങി. കല്യാണത്തിനു വേണ്ട സജ്ജീകരണങ്ങളെല്ലാം മനോരാജ്യം കണ്ടുകൊണ്ട് വീട്ടിലെത്തി.........റപ്പേൽ അടിമുടി ഞെട്ടിപ്പോയി, കൊച്ചുമകൾ ലീനാമ്മ വാവിട്ടു നിലവിളിച്ചു. സ്നേഹം നിറഞ്ഞ ഭാര്യ നെഞ്ചത്തടിച്ചു. ദൈവങ്ങളായ എല്ലാ ദൈവങ്ങളേയും വിളിച്ചു. "കർത്താവെ ഞങ്ങടെ പണം ഞങ്ങടെ പണം" ആ കൊച്ചുകുടിലിൽ മൂന്നു മനുഷ്യത്മാക്കളുടെ ദീനമായ രോദനം ഉയർന്നു....... ഇന്ന് റപ്പേൽ ആകപ്പാടെ ആളുമാറി മുഴുക്കുടിയനായി. കൈയിലൊരു പിച്ചാത്തിയുമായി ഒരു ഭ്രാന്തനെപ്പോലെ നടക്കുകയാണ്. "എൻെറ പണം എടുത്തവനെ ഞാൻ കൊല്ലും" ഇതാണാജീവിതത്തിൽ മുറിവേററ പാവപ്പെട്ട പടയാളിയുടെ പടവിളി.

ലീനാമ്മ — മാനോടൊത്തുവളർന്ന മനോഹരിയായ ആശ്രമ കന്യക. ശകുന്തളയുടെ നിഷ്കളങ്കമായ മനസ്സ് പക്ഷേ ലീനാമ്മ ജനിച്ചതു് റപ്പേലെന്ന കർഷകത്തൊഴിലാളിയുടെ കൊച്ചു കുടിലിലാണെന്നുമാത്രം. സ്നേഹിക്കാനറിയാം. പക്ഷേ അതിൻെറ ഭവിഷ്യത്തുകൾ, ഉഗ്രപരീക്ഷണങ്ങൾ, ആ പാപം മനസ്സിലാക്കിയില്ല. അപ്പനമ്മമാർ തീരുമാനിച്ച ആദ്യത്തെ കല്യാണം, കൊതിച്ചു കൊതിച്ചു് കാത്തിരുന്ന ആ സ്വർഗ്ഗീയദിനം, വിധി എന്നേക്കുമായി നിഷേധിച്ചതോടെ നിരാശയായ ആ പെൺകുട്ടിയുടെ തകർന്ന മനസ്സിൽ പ്രേമത്തിൻെറ വീണാഗാനവുമായി ഒരുകൊച്ചുഗന്ധർവൻ പ്രത്യക്ഷപ്പെട്ടു. അവൾ ആശയോടെ അവനെ നോക്കി. ഹൃദയം തുറന്നു സംസാരിച്ചു; മനസ്സുകുളിർക്കെ ചിരിച്ചു, ആവേശത്തോടെ കെട്ടിപ്പിടിച്ചു. അവൻെറ പ്രതിജ്ഞകൾ അവളെ പ്രേമത്തിൻെറ ഒരു പുതിയ പറുദീസയിലേക്കെത്തിച്ചു. പക്ഷേ

വിധി അവിടെയും അവളെ വിട്ടില്ല. അവറം ഭയന്നോടി ഒരഭയം കാണാൻ തൻെറ കാമുകനെത്തേടി. അവിടെ ചെന്നപ്പോഴോ „പട പേടിച്ച് പന്തളത്തുചെന്നപ്പോ അവിടെ പന്തവും കത്തിപ്പട” തൻെറ ഹൃദയ കാമുകൻ മറെറാരു യുവതിക്ക് കടപ്പെട്ടിരിക്കുന്നു. അവളുടെ സ്വപ്നങ്ങറം തകർന്നു. കണ്ണിൽ കൂരിരുട്ട്. എങ്ങോട്ടെന്നില്ലാതവറം ആ കൂരിരുട്ടിൽ തപ്പിത്തടഞ്ഞോടി. പക്ഷേ ചെന്നുവീണതു് ഒന്നു രണ്ടു മനുഷ്യപ്പിശാചുക്കളുടെ കൈയിൽ. പ്രാണരക്ഷാർത്ഥം അവറം ഉച്ചത്തിൽ നിലവിളിച്ചു. അവളുടെ ജീവനും മാനവും ആ കീചകന്മാരുടെ കൈയിൽ പന്താടി.

ശോശാമ്മ — ജീവിതത്തിൽ സുഖമോ, സംതൃപ്തിയോ എന്തന്നറിയാത്ത മനസ്വിനിയാണ് റപ്പേലിൻെറസഹധർമ്മിണി. കണ്ണീരും വേദനയും പട്ടിണിയും മാത്രമാണാകുടുംബിനിയുടെ സന്തതസഹചാരികറം. അതിനപ്പുറത്തു് ആനന്ദത്തിൻെറ മറെറാരു ലോകമുണ്ടോ? പാവം കണ്ടിട്ടില്ല.....

തൊമ്മി ആശാൻ — ഉഗ്രപ്രതാപശാലിയായ ഒരു പ്രസിദ്ധ നാടകക്കാരൻ. ലക്ഷക്കണക്കിനാളുകളെ രസിപ്പിച്ച ആ എലവുങ്കൽ തോമ്മസ് ഭാഗവതർ ഇന്നു് വെറും ഒരു തൊമ്മിയാശാനായി കെടപ്പാടംപോലുമില്ലാതെ കഷ്ടപ്പെടുകയാണു്. ആ പാപത്തിനുമുണ്ടു് ഒരു കുടുംബം. ഭാര്യ, ഒരു മകൻ, പുരനിറഞ്ഞുനിൽക്കുന്ന ഒരു മകറം.

പൗലോസ് — തൊമ്മിയാശാൻെറ സർവ പ്രതീക്ഷകളുടെയും പ്രതീകമാണു് തൊഴിലില്ലാതെ നടക്കുന്ന ഈ ചെറുപ്പക്കാരൻ. എസ്. എസ്. എൽ. സി. ജയിച്ചു. നന്നായി പാടും. അഭിനയിക്കും. പക്ഷെ ആശാനു് വന്ന കൊടുംപട്ടിണി തൻെറ മകനു് വരാൻ പാടില്ല എന്ന നിർബന്ധംകൊണ്ടു് മകനെ നാടകത്തിനയക്കയില്ലെന്നു ശപഥം ചെയ്തിരിക്കയാണു്. എന്നാൽ മറെറാരു ജോലി ആ യുവാവിനു് ആരുകൊടുക്കും. പൗലോസ് ഹരിശ്ചന്ദ്രനല്ല, കാസാബിയാങ്കയുമല്ല, പൊള്ളയായ ആദർ

ശങ്ങളിൽ ജീവിതം ഭാവന ചെയ്യുന്നതിനെക്കാറം പരുത്ത ജീവിതത്തോടേററുമുട്ടി കള്ളനോ കൊള്ളരുതാത്തവനോ ആയി മാറാനും തയാറാണ്. കാരണം അവനു ജീവിക്കണം. അവൻെറ അപ്പനമ്മമാരെയുംകൊച്ചനുജത്തിയേയും തീററിപ്പോററണം. എന്തും തീരുമാനിച്ച് ജീവിക്കാനിറങ്ങിയ ആ ചെറുപ്പക്കാരൻ വിധിയുടെ വെള്ളിടിയേററ് ഞെട്ടിപ്പോയി, പതറിപ്പോയി. സ്നേഹസമ്പന്നനും ശുദ്ധഹൃദയനുമായ ആ നിസ്സഹായൻ കള്ളനും വഞ്ചകനുമെന്നു് അനുഭവങ്ങറം മുദ്രയടിച്ചു. താങ്ങാനാവാത്ത ഹൃദയഭാരത്താൽ ജീവിതപ്പാതയിൽ ആ പാവം മോഹാൽസ്യപ്പെട്ടു വീണു.

മാത്യൂസ് മുതലാളി — പച്ചനോട്ടിൻെറ തിളക്കത്തിലല്ല, മനുഷ്യത്വം കണ്ടെത്തേണ്ടതെന്നു് വിശ്വസിക്കുന്ന ഒരു മൊതലാളി പണത്തിനേക്കാറം സ്നേഹത്തിനും ആത്മാർത്ഥതക്കും മതിപ്പുകൊടുക്കുന്ന ഒരു വിശാല ഹൃദയൻ.

റോസ്ലിൻ — മുതലാളിയുടെ മണിമന്ദിരത്തിൽ പാടിപ്പറന്നു നടക്കുന്ന ഒരു കുസൃതിപ്പെണ്ണു്. വെളുത്തതെല്ലാം പാലെന്നു് വിശ്വസിക്കുന്ന ലോകപരിചയമില്ലാത്ത ഒരു ബാലിക. അവറം പറഞ്ഞാൽ അനുസരിക്കണം. സ്നേഹിച്ചാൽ സ്നേഹിക്കണം, ഇതാണവളുടെ തത്വശാസ്ത്രം. ആത്മാർത്ഥതയില്ലാത്ത ഇന്നത്തെ ലോകത്തിൽ ആ കൊച്ചുഹൃദയം വഞ്ചിക്കപ്പെട്ടുപോയി. കണ്ണീരു് എന്തെന്നറിയാത്ത ആ കുബേരകുമാരി കണ്ണീർ കയത്തിൽ പൊടുന്നനവേ വീണുപോയി. ഈ കഥാപാത്രങ്ങറം തന്നെയല്ല, താറാവുകാരൻ, അന്തപ്പൻ, പുളുവൻ തോമ, കല്യാണദല്ലാളു് ലോവപ്പി തുടങ്ങി നിങ്ങളുടെ ചുററും ദൈനംദിനജീവിതത്തിൽ കണ്ടുമുട്ടുന്ന അനവധി ജീവിതയാത്രക്കാർ, അവരുടെ വൈവിദ്ധ്യംനിറഞ്ഞ ഹൃദയസ്പർശിയായ ജീവിതാനുഭവങ്ങറം. എന്തിനു് അധികം ഈ കഥ കേരളത്തിലെ നൂറു നൂറു പാവപ്പെട്ട കുടുംബങ്ങളുടെ സ്വാഭാവികമായ ജീവിത ചിത്രീകരണമാണു്.

# പച്ചനോട്ടുകൾ

## ഗാനം ഒന്ന്

രചന — ശ്രീകുമാരൻതമ്പി

പാടിയത് — ബ്രഹ്മാനന്ദൻ

പച്ചനോട്ടുകൾ തിളങ്ങുന്ന
പാപവും പുണ്യവുമാവർണ്ണ –
ജാലത്തിലൊളിക്കുന്നു!
വെള്ളിനാണയ ധവളിമയിൽ
ബന്ധങ്ങളെത്രയോ തകരുന്നു! (പച്ചനോട്ടുകൾ....)

നമ്മിലിണങ്ങിക്കഴിയാനാദ്യം
നമ്മൾ നാണയമുണ്ടാക്കി
മണ്ണും സ്വർണ്ണവും പങ്കുവെച്ചു
വർണ്ണക്കടലാസ്സാൽ മുഖംമറച്ചു – പിന്നെ
കണ്ണീർക്കടലിൽ നാം പതിച്ചു. (പച്ചനോട്ടുകൾ...)

മനസ്സിൽ ഖനിക വളർത്തും നോട്ടുകൾ
മന്ത്രംചൊല്ലും ദേവതകൾ
സ്വപ്നസുഖങ്ങൾ പകർന്നുതരും
സ്വർഗ്ഗം ഭൂമിയിൽ കൊണ്ടുവരും – പിന്നെ
സർപ്പഫണംപോൽ തിരിഞ്ഞുകൊത്തും!
(പച്ചനോട്ടുകൾ....)

## ഗാനം 2

രചന — പാടിയതു്

ശ്രീകുമാരൻതമ്പി — യേശുദാസ്

ദേവാ - ദേവാ –
ദിവ്യദർശനം നൽകൂ
മറഞ്ഞിരിക്കും മണിദീപമേ
മായാ ശ്രീകോവിൽ തുറക്കൂ! (ദേവാ... )

ദൈവത്തെ കാണാൻ കാത്തുകാത്തിരുന്നു
ദൈവം മറഞ്ഞുനിന്നു
ആ സ്വർണ്ണഗോപുര നടകാണാതെ
അഭയാർത്ഥി ഞാൻ വലഞ്ഞു...

തുറക്കുകയില്ലേ – ഇനിയുമാവാതിൽ
തുറക്കുകയില്ലേ ? (ദേവാ... )

ചുടുനെടുവീർപ്പിൽ ചുമടേന്തിത്തളരും
ചുമടുതാങ്ങി ഞാൻ
ഹൃദയത്തിൽ തീമല തകരുമ്പോഴും
അധരത്താൽ ഞാൻ ചിരിക്കും

കനിയുകയില്ലേ – ഇനിയും ദൈവം
കനിയുകയില്ലേ? (ദേവാ...)

## ഗാനം 3

രചന — പാടിയതു്

ശ്രീകുമാരൻ തമ്പി — പി. ലീലയും സംഘവും

പണ്ടു പണ്ടൊരു സന്യാസി
കടത്തുതോണിയിലേറി
പാതിവഴിയിൽ മഹർഷിവര്യനു
കണക്കുതെററിപ്പോയി
അയ്യോ.... .. കണക്കുതെററിപ്പോയി
അയ്യോ........കണക്കുതെററിപ്പോയി (പണ്ടു്)

സാരികണ്ടാൽ നെററിചുളിക്കും ബ്രഹ്മചാരി
നേരു ചൊല്ലൂ, കാമുകനോ കള്ളത്താപസനോ
അടുത്തുവന്നാൽ സന്യാസം
അകന്നുനിന്നാലാവേശം
ആരുമാരും കാണാത്തപ്പോഴം കള്ളത്തിരനോട്ടം

(പണ്ടു....)

സ്ത്രീവിളിച്ചാൽ പിന്മാറുന്നവൻ പുരുഷനാണോ
പൂ ചിരിച്ചാൽ പാടീടാത്തവൻ വണ്ടത്താനാണോ?
തൊടുത്തുവിടും പൂവമ്പിൽ
തരിച്ചു നിൽക്കും ദൈവവും!
ബ്രഹ്മചര്യപ്പൊയ്മുഖമിനി മാററിക്കളയരുതോ?

(പണ്ടു....)

## ഗാനം 4

രചന — പാടയത്

ശ്രീകുമാരൻതമ്പി — യേശുദാസും വസന്തയും

പുരുഷൻ— താമരമൊട്ടേ
ചെന്താമരമൊട്ടേ
താളം തുള്ളുമീക്കുളിർമഴയിൽ
താലോലമാട്ടുന്നതാര്—നിന്നെ
താലോലമാട്ടുന്നതാര്

സ്ത്രീ കാററിൻെറ കൈകളാണോ – ഒരു
കള്ളൻെറ കൈകളാണോ?
താലോലമാട്ടുന്നതാര് – എന്നെ
താലോലമാട്ടുന്നതാര്...? (താമരമൊട്ടേ)

പുരുഷൻ കുളിരോടു കുളിരണിഞ്ഞു – നെഞ്ചിൽ
മലരോടു മലർവിരിഞ്ഞു.

പുതുമണ്ണിൻ മണമൂറും പൂമഴയിൽ
പുൽകി വിടർത്തുന്നതാര്? – നിന്നെ
പുൽകി വിടർത്തുന്നതാര്?

സ്ത്രീ
പൊന്നലച്ചാർത്തുകളോ – ഒരു
ചുണ്ടിന്റെ കുസൃതികളോ
താലോലമാട്ടുന്നതാര് – എന്നെ
താലോലമാട്ടുന്നതാര്? (താമരമൊട്ടേ)

പുരുഷൻ
മുത്തോട്ട മുത്തിണങ്ങി – രാഗ
മുത്തങ്ങൾ ചേർന്നിണങ്ങി
കെട്ടിപ്പിടിക്കുന്ന നേരമെന്തോമന
ഞെട്ടിത്തരിക്കുന്നതെന്തേ – വീണ്ടും
ഞെട്ടിത്തരിക്കുന്നതെന്തേ?

സ്ത്രീ
ആദ്യത്തെ ലജ്ജകൊണ്ടോ – അതോ
ആ കര വിദ്യകൊണ്ടോ
താലോലമാട്ടുന്നതാര്—എന്നെ
താലോലമാട്ടുന്നതാര്? (താമര)

## ഗാനം 5

രചന — പാടിയത്
ശ്രീകുമാരൻ തമ്പി — എസ്, ജാനകി

കരകവിയും കിങ്ങിണിയാറിൻ തീരത്ത്
കർക്കിടകക്കാറലയും നേരത്ത്
കടത്തുതോണിയിൽ നീ വരുന്നതും നോക്കിയിരുന്നു
കൈപിടിച്ചു കൂടെവരാൻ കാത്തിരുന്നു.

(കരകവിയും)

കാലവർഷദേവതകൾ തിരിച്ചുപോയി
കടമ്പുമരപ്പൂങ്കുലകൾ തൊഴിഞ്ഞുപോയി

ഇല്ലീമുളങ്കൂട്ടിലെ വർണ്ണമലർ കൂട്ടിലെ
ചെല്ലക്കിളിയിണക്കിളിയെ പിരിഞ്ഞുപോയി
കറുത്തവാവിനും വെളുത്തവാവിനും
കാത്തിരുന്നു.
നോമ്പു നോററു നേർച്ചനേർന്നു
നോക്കിയിരുന്നു. (കരകവിയും)

വല്യനോയമ്പീവഴിയെ വന്നുപോയി
പള്ളിമുററത്തോരണങ്ങൾ മാഞ്ഞുപോയി
മനസ്സുചോദ്യമായില്ല
മന്ത്രകോടി കണ്ടില്ല
മനസ്സറിയും ദേവനെന്തേ വന്നില്ല.
കറുത്തവാവിനും വെളുത്തവാവിനും
കാത്തിരുന്നു
നോമ്പുനോററു നേർച്ച നേർന്നു
നോക്കിയിരുന്നു (കരകവിയും)

ഗാനം 6

രചന — പാടിയതു്
ശ്രീകുമാരൻതമ്പി — യേശുദാസ്

പരിഭവിച്ചോടുന്ന പവിഴക്കൊടി – നിൻെറ
പരിഭവവും നല്ല കവിത!
അഭിലാഷമാണതിന്നാകാരം
അനുരാഗമാണതിന്നലങ്കാരം (പരിഭവിച്ചോടുന്ന)

നിൻ മന്ദഹാസത്തിൻ പട്ടുറുവാലകം
എൻ ഹൃദയത്തിനു പൊന്നാടകം
നിൻകിളിക്കൊഞ്ചൽപ്പൂന്തേൻ മൊഴികം
എൻ നിമിഷത്തിൽ ചിറകടികം. (പരിഭവി....)

നിൻ പ്രേമഗാനത്തിൻ രാഗതരംഗങ്ങൾ
എൻെറ കിനാവിനു താരാട്ടുകം
നിൻമധുചുംബന മധുരസ്മരണകം
എൻ ജന്മത്തിൽ പൊൻനിധികം (പരിഭവി....)

## സാങ്കേതികവിഭാഗം—

| | |
|---|---|
| ഛായാഗ്രഹണം | പി. ബി. എസ്. മണി |
| ചിത്രസംയോജനം | ശങ്കുണ്ണി |
| കല | തിരുവല്ലാ ബേബി |
| നൃത്തം | പാർത്ഥസാരഥി. മൂർത്തി |
| സ്സൗണ്ട് | പാപ്പി, ത്യാഗരാജൻ |
| മേക്കപ്പ് | കെ. വി. ഭാസ്കർ. രാമചന്ദ്രൻ |
| വസ്ത്രാലങ്കാരം | പ്രഭാകരൻ |
| റീ റിക്കാർഡിംഗ് | പി. എസ്. ദിവാകരൻ |
| പബ്ലിസിററി | എസ്. എ നായർ |
| സ്ററിൽസ് | ത്രീസ്ററാഴ്സ് |
| രംഗസജ്ജീകരണം | സിനിഡെക്കാർ — മദ്രാസ് |
| ഓട്ട് ഡോർ | മൂർത്തിമൂവീസ് — മദ്രാസ് |
| സ്ററുഡിയോ | വാസു.ശ്യാമള — മദ്രാസ് |
| പ്രോസ്സസിംഗ് | വാസുസ്ററുഡിയോ ലാബൊറട്ടറി |
| പ്രൊഡക്ഷൻ | ജി. ആർ. ശേഖർ, അലക്സ് |

73 സെപ്റ്റം: 28-ാം തീയതി മുതൽ

കേരളത്തിൽ

പ്രദർശനമാരംഭിക്കുന്നു

രാഘവൻ, ഭാസി, ബഹദൂർ, വിജയശ്രീ, ശ്രീലത,
ജോസ്പ്രകാശ് തുടങ്ങിയവരഭിനയിച്ച

# പ്രേതങ്ങളുടെ താഴ്‌വര



73 ഒക്ടോബർ 25-ാം തീയതി മുതൽ

നസീർ, ഭാസി ബഹദൂർ, ജയഭാരതി, ശ്രീലത തുട
ങ്ങിയവർ അഭിനയിച്ച

ആഹ്ലാദചിത്രയുടെ

# പൊയ്മുഖങ്ങൾ

വിമലാ ഫിലിംസ്, കോട്ടയം

ASSOCIATED PRINTERS, KOTTAYAM.